പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1200** **30.01.2018-ൽ മറുപടിയ്ക്ക്**

## കാസർഗോഡ് - പാറശ്ശാല മലയോര ഹൈവേ

**ചോദ്യം**

**ശ്രീ.സി.കെ.ഹരീന്ദ്രൻ**

(എ) മലയോര ഹൈവേയുടെ പാറശ്ശാല മുതൽ കടപ്പനമൂട് വരെയുള്ള ഒന്നാം റീച്ചിന്റെ നിർമ്മാണ പ്രവർത്തനം നടപടിക്രമങ്ങൾ പൂർത്തിയാക്കി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ;

(ബി) മലയോര ഹൈവേയുടെ പാറശ്ശാല മണ്ഡലത്തിലെ രണ്ടും മൂന്നും റീച്ചുകൾക്കായുള്ള അലൈൻമെന്റുകൾ തയ്യാറായോയെന്നും എന്നത്തേയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുമെന്നും വിശദമാക്കുമോ?

**മറുപടി**

**ശ്രീ.ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)**

(എ) മലയോര ഹൈവേയുടെ പാറശ്ശാല മുതൽ കടപ്പനമൂട് വരെയുള്ള ഒന്നാം ഘട്ട പ്രവൃത്തിയുടെ ഡി.പി.ആർ. സമർപ്പിച്ചതിന് കിഫ്ബിയിൽ നിന്നും 53.84 കോടി രൂപയുള്ള അനുമതി ലഭിച്ചു. സാങ്കേതിക അനുമതിയും ടെൻഡർ നടപടികളും പൂർത്തിയാക്കി 2018 ഏപ്രിൽ മാസത്തിൽ പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പാറശ്ശാല മണ്ഡലത്തിലെ മലയോര ഹൈവേയുടെ രണ്ടാം റീച്ചിൽ റോഡ് ഭാഗത്തിന്റെ ഡി.പി. ആർ 2018 ജനുവരി മാസത്തിലും 2 ബ്രിഡ്ജുകളുടെ ഡി.പി.ആർ 2018 മാർച്ച് മാസത്തോടെ സമർപ്പിക്കാൻ കഴിയുന്നതാണ്. കിഫ്ബിയുടെ അംഗീകാരം ലഭിച്ചാൽ ഉടൻതന്നെ ടെൻഡർ ചെയ്ത് നിർമ്മാണ പ്രവൃത്തനങ്ങൾ ആരംഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ